Draft #1 of File AR XXII/ NOTE/DEGREE CERTIFICATES/2018 Approved by ASSISTANT REGISTRAR XI EXAM on 29-Mar-2019 02:37 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണം - ഫാസ്റ്റ് ട്രാക്ക് സംവിധാനം പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് -സിൻഡിക്കേറ്റ് തീരുമാനം -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 1310/EA 2/2019/എം.ജി.യു　　　　പ്രിയദർശിനി ഹിൽസ്,തീയതി: 30.03.2019

---

പരാമർശം:-1. 7.11.2018 തീയതിയിലെ സിൻഡിക്കേറ്റിലേക്കുള്ള കുറിപ്പ്

2. 22 .01 .2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം . 46 / 19 .01 / 182331

**ഉത്തരവ്**

ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണത്തിൽ ഗണ്യമായ കാലതാമസം വരികയും അടിയന്തിരാവശ്യമുള്ളവരുടെ എണ്ണം വർധിക്കുകയും ചെയ്ത സാഹചര്യത്തിലാണ് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയത്. എന്നാൽ നിലവിൽ ലഭിക്കുന്ന അപേക്ഷകളിൽ മഹാഭൂരിപക്ഷവും ഫാസ്റ്റ് ട്രാക്ക് അപേക്ഷയായതിനാൽ നിശ്ചിത സമയത്തിനുള്ളിൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ സാധിക്കാതെ വരുന്നുണ്ട്. കൂടാതെ അത്യാവശ്യക്കാരുടെയും ഓർഡിനറി അപേക്ഷകരുടെയും അപേക്ഷകൾ നീതിയുക്തമല്ലാതെ നീണ്ടുപോവുകയും ചെയ്യുന്നു .ഈ സാഹചര്യം കണക്കിലെടുത്ത് പരീക്ഷാവിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ XXII സമർപ്പിച്ച കുറിപ്പ് (പരാമർശം I ) സിൻഡിക്കേറ്റിനു മുൻപാകെ സമർപ്പിക്കുകയും 22 .01 .2019 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (2) പ്രകാരം ബിരുദ സർട്ടിഫിക്കറ്റുകളുടെ ഫാസ്റ്റ് ട്രാക്ക് സംവിധാനം പരിഷ്കരിക്കുന്നതിനു താഴെപ്പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തി ബിരുദ സർട്ടിഫിക്കറ്റുകളുടെ വിതരണം നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു .

1 . ഫാസ്റ്റ് ട്രാക്ക് അപേക്ഷകളോടൊപ്പം അത്യാവശ്യം ബോധ്യപ്പെടുത്തുന്ന രേഖകളുടെ പകർപ്പ് കൂടി സമർപ്പിക്കുക

2 . നിലവിൽ അവസാന സെമസ്റ്റർ പരീക്ഷയ്ക്കുള്ള അപേക്ഷയോടൊപ്പം പ്രൊവിഷണൽ സർട്ടിഫിക്കറ്റിനുള്ള ഫീസ് അടക്കുന്നത് പോലെ ഡിഗ്രി സർട്ടിഫിക്കറ്റിനുള്ള അപേക്ഷയും ഫീസും സമർപ്പിക്കുക

3 . വിദ്യാർത്ഥികൾ പിന്നീട് ബിരുദ സർട്ടിഫിക്കറ്റിന് വേണ്ടി പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതില്ല

4 .ബിരുദ സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി ആവശ്യമാകുന്നവർ ഫാസ്റ്റ് ട്രാക്ക് ഫീസും അടിയന്തിരാവശ്യം വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പും സഹിതം പ്രത്യേകമായി അപേക്ഷിക്കുകയും ആവശ്യത്തിന്റെ ഗൗരവസ്വഭാവം പരിഗണിച്ച് സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുമാകുന്നു.എങ്കിലും നിലവിലുള്ള 20 പ്രവൃത്തി ദിവസമെന്ന കാലപരിധി പരമാവധിയായി

നിജപ്പെടുത്തുന്നു.

5 . ഓർഡിനറി ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വിതരണം പരീക്ഷാഫല പ്രഖ്യാപനത്തിനു ശേഷം 4-6 മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനും അടുത്ത സെമസ്റ്റർ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി ഈ പ്രക്രിയ പൂർത്തിയാക്കേണ്ടതുമാണ് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ .എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1 .വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2 .രജിസ്ട്രാർ /പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3 .എല്ലാ ജെ.ആർ / ഡി.ആർ / എ.ആർ (പരീക്ഷ)
4 .സി.ഇ സെക്ഷൻ |P D സെക്ഷനുകൾ
5 .ഐ ക്യൂ എ സി /കണ്ടന്റ് മാനേജ്മന്റ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File AR XXII/ NOTE/DEGREE CERTIFICATES/2018 Approved by ASSISTANT REGISTRAR XI EXAM on 29-Mar-2019 02:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം